പതിമൂന്നാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ - 979 08.01.2014 ൽ മറുപടിക്ക്

കൊരട്ടി വൈഗാ ത്രഡ്സ് കമ്പനിയിലെ തൊഴിലാളി പ്രശ്നങ്ങൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. ബി. ഡി. ദേവസ്സി എം. എൽ. എ | ശ്രീ. ഷിബു ബേബി ജോൺ (ബഹു തൊഴിലും പുനരധിവാസവും വകുപ്പ് മന്ത്രി) |
| (എ) കൊരട്ടി വൈഗാ ത്രഡ്സ് കമ്പനിയിലെ തൊഴിലാളികളുടെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് എന്ന് അറിയിക്കാമോ; | വൈഗാ ത്രഡ്സ് പ്രോസസേഴ്സ് പ്രൈവറ്റ് ലിമിറ്റഡ്, കൊരട്ടി, തൃശ്ശൂർ-ലെ തൊഴിൽ പ്രശ്നങ്ങളെ സംബന്ധിച്ച് ഒരു ചർച്ച 03.07.2013 -ൽ മുഖ്യമന്ത്രിയുടെ ചേമ്പറിൽ വച്ച് നടന്നു. പ്രസ്തുത മീറ്റിംഗിൽ വച്ച് വൈഗാ ത്രഡ്സ് മാനേജ്മെന്റിന്റെ കൈവശമുള്ള പാട്ടഭൂമി സർക്കാരിന് സറണ്ടർ ചെയ്യുകയാണെങ്കിൽ തൊഴിലാളികൾക്ക് നല്കാനുള്ള നിയമപരമായ നഷ്ടപരിഹാരം സർക്കാർ നൽകുന്നതാണ് എന്ന് തീരുമാനിക്കുകയും തുടർന്ന് 10.09.2013 തീയതിയിൽ അഡീഷണൽ ലേബർ കമ്മീഷണർ (ഐ.ആർ) ന്റെ മുമ്പാകെയും ബഹു. റവന്യൂ വകുപ്പ് മന്ത്രിയുടെ അദ്ധ്യക്ഷതയിലും ബന്ധപ്പെട്ട വിഷയങ്ങൾ ചർച്ച ചെയ്യുകയുണ്ടായി.<br>ബോണസും, ആന്വൽ ലീവ് വിത്ത് വേജസും നൽകുന്നതിനും ഗ്രാറ്റുവിറ്റി, നഷ്ടപരിഹാരം എന്നിവ കൈപ്പറ്റാത്തവർക്ക് ഉടൻ നൽകാൻ നടപടി സ്വീകരിക്കണമെന്നും തീരുമാനിച്ചു. ആയത് അനുസരിച്ച് പേയ്മെന്റുകൾ നടന്നിട്ടുള്ളതാണ്. ക്ലോഷർ സംബന്ധിച്ച് ബഹു.കർണ്ണാടക ഹൈക്കോടതിയിൽ നിലനില്ക്കുന്ന |

| | |
|---|---|
| | കേസിൽ യൂണിയനുകളും ക്ലോഷർ അംഗീകരിക്കുന്നുവെന്ന് ബഹു. ഹൈക്കോടതിയെ അറിയിക്കുന്നതിനും തീരുമാനിച്ചു. ഇപ്രകാരം ബഹു.കർണ്ണാടക ഹൈക്കോടതി മുമ്പാകെയുള്ള വൈൻഡ് അപ്പ് (ക്ലോഷർ) സംബന്ധിച്ച കേസിൽ സത്യവാങ്മൂലം നൽകി ബഹു.കർണ്ണാടക ഹൈക്കോടതിയിൽ നിന്നും ക്ലോഷർ അംഗീകരിച്ചാൽ ഈ വിഷയം സംബന്ധിച്ച് 03.07.2013 തീയതിയിൽ ബഹു. മുഖ്യമന്ത്രിയുടെ ചേമ്പറിൽ നടന്ന യോഗ തീരുമാനപ്രകാരം മാനേജ്മെന്റ്, സർക്കാരിന് പാട്ടഭൂമി സറണ്ടർ ചെയ്യുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. |
| (ബി) പ്രസ്തുത നടപടികൾ ഇപ്പോൾ ഏതു ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ? | 10.09.2013 ലെ മീറ്റിംഗിന് ശേഷം വൈൻഡ് അപ്പ് (ക്ലോഷർ) സംബന്ധിച്ച് ബഹു.കർണ്ണാടക ഹൈക്കോടതിയിൽ ഹിയറിംഗിന് വന്നിട്ടില്ല എന്നാണ് അറിയുന്നത്. ടി കേസ് പോസ്റ്റ് ചെയ്യുന്നതിനനുസരിച്ച് സത്യവാങ്മൂലം നൽകും എന്നാണ് യൂണിയനുകൾ അറിയിച്ചത്. ആയതിനാൽ ബഹു. ഹൈക്കോടതി ഉത്തരവ് ലഭിച്ച് പാട്ടഭൂമി, മാനേജ്മെന്റ് സർക്കാരിന് സറണ്ടർ ചെയ്താൽ മാത്രമേ തൊഴിലാളികളുടെ നഷ്ടപരിഹാരം സംബന്ധിച്ച് സർക്കാർ തലത്തിൽ തീരുമാനമെടുക്കാൻ സാധിക്കുകയുള്ളൂ. പ്രസ്തുത വിവരങ്ങൾ കൊരട്ടി വൈഗാ ത്രെഡ്സുമായി ബന്ധപ്പെട്ട എല്ലാ യൂണിയനുകളെയും അറിയിച്ചിട്ടുണ്ട്. |

(ഒപ്പ്)

സെക്ഷൻ ഓഫീസർ